6. തിരൂർ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വിയാക്കി ശേഷി വർദ്ധിപ്പിച്ചു.

7. എടപ്പാൾ 110 കെ.വി. സബ്സ്റ്റേഷൻ കപ്പാസിറ്റി 30 എം. വി. എ യിൽനിന്ന് 37.5 എം. വി. എ യാക്കി ഉയർത്തി.

8. തിരൂർ 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. യാക്കി ശേഷി വർദ്ധിപ്പിച്ചു. കൂടുതലായി 12.5 എം. വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു വിതരണ ഭാഗത്തിൽ

11 കെ.വി.ലൈൻ നിർമ്മിച്ചത്	-	344.549 കി.മീറ്റർ
3 ഫേസ് ലൈൻ	-	448.738 കി.മീറ്റർ
സിംഗിൾ ഫേസ് ലൈൻ	-	1908.570 കി.മീറ്റർ
സിംഗിൾ ഫേസ് ത്രിഫേസ് ആക്കിയത്	-	315.467 കി.മീറ്റർ
ട്രാൻസ്ഫോർമർ സ്ഥാപിച്ചത്	-	506 എണ്ണം
ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചത്	-	269 എണ്ണം
സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത്	-	4231 എണ്ണം
പുതിയ സർവ്വീസ് കണക്ഷൻ നൽകിയത്	-	1,39,125 എണ്ണം

(ബി) 67 എണ്ണം

(സി) 506 എണ്ണം

(ഡി) കാർഷിക കണക്ഷൻ — 11,234 എണ്ണം

ഗാർഹിക കണക്ഷൻ — 1,02,165 എണ്ണം

(ഇ&എഫ്) ഉണ്ട്.

	എണ്ണം
66 കെ.വി. സബ്സ്റ്റേഷൻ	- ഒന്ന്
110 കെ.വി സബ്സ്റ്റേഷൻ	- മൂന്ന്
33 കെ.വി.സബ്സ്റ്റേഷൻ	- പത്ത്

വോൾട്ടേജ് വർദ്ധിപ്പിക്കാനുള്ള നടപടികൾ

84 (924) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷം പുതിയ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ; ഇതിൽ തൃശ്ശൂർ ജില്ലയിൽ എത്രയെണ്ണം സ്ഥാപിച്ചു എന്നു വെളിപ്പെടുത്തുമോ ;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, തൃശ്ശൂർ ഈസ്റ്റ് ഡിവിഷനുകളിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ; അവ ഏതൊക്കെ സ്ഥലങ്ങളിൽ എന്നും ഇതിൽ ഓരോന്നിലും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ മേഖലയിൽ പുതിയതായി എവിടെയെല്ലാമാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) തൃശ്ശൂർ ഡിവിഷന് കീഴിൽ പാലയ്ക്കലിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനായി പുതിയ 220 കെ.വി. 110 കെ.വി, 66 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക.

നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കുക, കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 33 കെ.വി. സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുക സബ്സ്റ്റേഷനുകളിൽ സ്റ്റാറ്റിക് കപ്പാസിറ്ററുകൾ സ്ഥാപിക്കുക. 11 കെ.വിലൈനുകൾ വലിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, എൽ. ടി. ലൈനുകൾ വലിക്കുക, നിലവിലുള്ള എൽ.ടി ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ നാലു വർഷമായി 5,175 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 585 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

(സി) ഇരിങ്ങാലക്കുട ഡിവിഷൻ - 5 എണ്ണം
കൊടുങ്ങല്ലൂർ - 7 എണ്ണം
തൃശ്ശൂർ ഈസ്റ്റ് - 9 എണ്ണം

ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലങ്ങളും ചെലവായ തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) ചിയാരം, പനമുക്ക്, പള്ളിപ്പുറം പടിഞ്ഞാട്ടുമുറി, കോട്ടന്നൂർ ചില, വെങ്ങിണിശ്ശേരി തെക്ക്, കോടന്നൂർ ഹാഷിം ശാസ്താം കടവ്, കപ്പേള ശിവപുരം കോളനി, പഴുവിൻപോസ്റ്റ് ഓഫീസ് സമീപം; താന്യം, കുഞ്ചൻകോട് കാരാൻമൂല, പഴുവിൻവെസ്റ്റ് എസ്.എൻ. റോഡിനു സമീപം പെരിങ്ങാശ്ശേരി, നായരങ്ങാടി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാലയ്ക്കൽ പുതുതായി ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ചു കഴിഞ്ഞു. പി.റ്റി.സി.സി അപ്രൂവൽ ലഭിക്കാത്തതിനാൽ ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടില്ല.

ഈസ്റ്റ് ചീരാൽ പ്രദേശത്തെ വൈദ്യുതീകരണ പ്രവർത്തനം

85 (925) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി മേജർ സെക്ഷനു കീഴിൽ വരുന്ന ഈസ്റ്റ് ചീരാൽ പ്രദേശത്തെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ മെറ്റീരിയൽസ് അനുവദിക്കുവാൻ നിർദ്ദേശം നൽകുമോ ;

(സി) ഈസ്റ്റ് ചീരാൽ പ്രദേശത്ത് വൈദ്യുതി കണക്ഷനായി മിനിമം ഗ്യാരണ്ടി അടച്ചവർക്ക് മുഴുവൻ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മിനിമം ഗ്യാരന്റി ഒ.എച്ച്-ൽപ്പെടുന്ന എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) വൈദ്യുതി കണക്ഷനുവേണ്ടി നോൺ. ഒ.വൈ.സി.ഒ.എച്ച്.-ൽ ഉൾപ്പെടുന്ന അപേക്ഷകരിൽ ഏതുവർഷം വരെ അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(ഇ) നോൺ ഒ.വൈ.സി.ഒ.എച്ച്.-ൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച മുഴുവൻ പേർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്

(സി) ഉണ്ട്. പ്രയോറിറ്റി അനുസരിച്ച് മെറ്റീരിയൽസിന്റെ ലഭ്യത അനുസരിച്ചും മിനിമം ഗ്യാരന്റി ഒ. എച്ച്-ൽപ്പെടുന്ന എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) 31-12-96 വരെ അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഇ) 31-12-98 വരെ ഒ.എച്ച്. കണക്ഷനുവേണ്ടി അപേക്ഷിച്ച മുഴുവൻ പേർക്കും ഈ സാമ്പത്തികവർഷം തന്നെ വൈദ്യുതി കണക്ഷൻ നൽകാൻവേണ്ട ഉത്തരവ് നൽകിയിട്ടുണ്ട്.

മേപ്പയൂർ ഗ്രാമപഞ്ചായത്തിന് നൽകിയ വൈദ്യുതി കണക്ഷനുകൾ

86 (926) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly